## പോലീസ് ഔട്ട്പോസ്റ്റുകൾ

153 (2142) ശ്രീ. എ. എ. അസീസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) നിലവിലുള്ള ഔട്ട്പോസ്റ്റുകൾ പോലീസ് സ്റ്റേഷനായി ഉയർത്തുന്നതിന് സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) എങ്കിൽ ഏതെല്ലാം ഔട്ട്പോസ്റ്റുകളാണ് പോലീസ് സ്റ്റേഷനായി ഉയർത്തുന്നതിന് ഉദ്ദേശിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) നിലവിലുള്ള 15 ഔട്ട്പോസ്റ്റുകൾ പോലീസ് സ്റ്റേഷനായി ഉയർത്തുന്നതിന് ഉദ്ദേശിക്കുന്നുണ്ട്.

(ബി)

| | | | |
|---|---|---|---|
| 1. | തലയോലപ്പറമ്പ് | - | കോട്ടയം |
| 2. | മീനാക്ഷിപുരം | - | പാലക്കാട് |
| 3. | വെച്ചൂർ | - | കോട്ടയം |
| 4. | അഴിക്കോട് | - | തൃശൂർ |
| 5. | കാടാമ്പുഴ | - | മലപ്പുറം |
| 6. | പോത്തൻകോട് | - | തിരുവനന്തപുരം |
| 7. | ഉടുമ്പൻചോല | - | ഇടുക്കി |
| 8. | കടലുണ്ടി | - | കോഴിക്കോട് |
| 9. | ഒറ്റശേഖരമംഗലം | - | തിരുവനന്തപുരം |
| 10. | തൃപ്രയാർ | - | തൃശൂർ |
| 11. | ഏനാത്ത് | - | പത്തനംതിട്ട |
| 12. | യൂണിവേഴ്സിറ്റി ക്യാമ്പസ് | - | തിരുവനന്തപുരം |
| 13. | മുണ്ടൂർ | - | പാലക്കാട് |
| 14. | പോങ്ങുംമൂട് | - | തിരുവനന്തപുരം |
| 15. | ആര്യങ്കോട് | - | തിരുവനന്തപുരം |

## മാറാട് സംഭവം നടന്ന ദിവസം ഡ്യൂട്ടിയിലുണ്ടായിരുന്ന പോലീസുകാർ

154 (2144) ശ്രീ. വി. കെ. സി. മമ്മത്കോയ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) മാറാട് ഉൾപ്പെടുന്ന ബേപ്പൂർ പോലീസ് സ്റ്റേഷനിൽ എത്ര ഉദ്യോഗസ്ഥരുണ്ട് ; അവരുടെ തസ്തിക തിരിച്ച് എണ്ണം വ്യക്തമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) പ്രസ്തുത മാറാട് സംഭവദിവസം ഡ്യൂട്ടിയിലുണ്ടായിരുന്നവരുടേയും, അവധിയിലായിരുന്നവരുടേയും എണ്ണവും, ഏതെല്ലാം തസ്തികകൾ ഒഴിഞ്ഞുകിടന്നിരുന്നുവെന്നും ഒഴിവുകളുടെ കാലദൈർഘ്യം എത്രയാണെന്നും വിശദമാക്കാമോ ;

(സി) ഒഴിഞ്ഞുകിടന്ന തസ്തികകൾ നികത്താൻ എന്തെല്ലാം അടിയന്തിര നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

(ഡി) 2002-ലെ മാറാട് കലാപം നടന്ന ഘട്ടത്തിൽ ബേപ്പൂർ സ്റ്റേഷനിലെ ഉദ്യോഗസ്ഥരുടെ എണ്ണവും 2003 മേയ് 2-നുണ്ടായിരുന്ന ഉദ്യോഗസ്ഥരുടെ എണ്ണവും വ്യക്തമാക്കുമോ ?

ഉത്തരം

(എ) 37

| | | |
|---|---|---|
| എസ്.ഐ. | - | 2 |
| എ.എസ്.ഐ | - | 1 |
| എച്ച്. സി. | - | 9 |
| പി.സി. | - | 25 |
| (ബി) ഡ്യൂട്ടിയിലുണ്ടായിരുന്നവർ | - | 23 പേർ |
| എസ്.ഐ. | - | 1 |
| എ.എസ്.ഐ | - | 1 |
| എച്ച്. സി. | - | 4 |
| പി.സി. | - | 17 |
| അവധിയിൽ ഉണ്ടായിരുന്നവർ | - | 8 പേർ |
| എച്ച്. സി. | - | 2 |
| പി.സി. | - | 6 |
| നൈറ്റ് ഡ്യൂട്ടി റെസ്റ്റ് | - | 3 |

(എച്ച്. സി. 1, പി. സി. 2)

പ്രോസസ്ഡ് ഡ്യൂട്ടി തിരുവനന്തപുരം 1 എച്ച്.സി.

പ്രി പ്രമോഷൻ കോഴ്സുകൾ - 1 എസ്. ഐ.

24-2-2003 തീയതി മുതൽ ഒരു ഹെഡ്കോൺസ്റ്റബിൾ തസ്തിക ഒഴിഞ്ഞു കിടന്നിരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(സി) ഒഴിഞ്ഞു കിടന്ന തസ്തിക നികത്തിയിട്ടുണ്ട്.

(ഡി)

| | 2002 | 2003 |
|---|---|---|
| എസ്. ഐ. | 2 | 2 |
| എ.എസ്.ഐ. | 1 | 1 |
| എച്ച്. സി. | 7 | 8 |
| പി. സി. | 25 | 25 |

2002 ജനുവരിയിലെ മാറാട് സംഭവത്തിനുശേഷം 3 ഡി.വൈ.എസ്.പി./ സി.ഐ. എന്നിവരുടെ നേതൃത്വത്തിൽ 21 എസ്. ഐ. മാരും 360 എച്ച്.സി./ പി.സി. മാരേയും ഉൾപ്പെടുത്തി 15 പോലീസ് പിക്കറ്റുകൾ, 2 ഫുട്ട് പട്രോളും, 4 മൊബൈൽ പട്രോളും ഏർപ്പെടുത്തി നിതാന്ത ജാഗ്രത പുലർത്തി വന്നിട്ടുണ്ട്. ആയതിനുശേഷം ഘട്ടംഘട്ടമായി കുറയ്ക്കുകയും 2-10-2002 തീയതിയിൽ മാറാട് നടന്ന സ്നേഹ സംഗമത്തിനുശേഷം 1 എ.എസ്.ഐ. 33 എച്ച്.സി./പി.സി. എന്നിവരെ ഉൾപ്പെടുത്തി 9 പിക്കറ്റ് പോസ്റ്റുകളും, ഒരു മൊബൈൽ പട്രോളും ഏർപ്പെടുത്തിയിരുന്നു. മാറാട് 2002 ജനുവരിയിൽ നടന്ന സംഘട്ടനത്തിന്റെ വാർഷികദിനമായ 3-1-2003-നോടനുബന്ധിച്ച് 30-11-2002 മുതൽ 5-1-2003 തീയതിവരെ 19 എസ്.ഐ./എ.എസ്.ഐ. 147 എച്ച്.സി./പി.സി. എന്നിവരെ ഉൾപ്പെടുത്തി 15 പിക്കറ്റ് പോസ്റ്റുകളും, 2 ഫുട്ട് പട്രോളും, 4 മൊബൈൽ പട്രോളും ഒരു സ്ട്രൈക്കിംഗ് ഫോഴ്സും ഏർപ്പെടുത്തി ജാഗ്രത പുലർത്തിയിരുന്നു.

**മാധ്യമ പ്രവർത്തകരെ പോലീസ് മർദ്ദിച്ച സംഭവം**

155 (2145) ശ്രീ. മഞ്ഞാളംകുഴി അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എത്ര മാധ്യമ പ്രവർത്തകർക്ക് പോലീസ് മർദ്ദനം ഏറ്റിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എത്ര മാധ്യമ പ്രവത്തകർക്ക് എതിരെ കേസ് എടുത്തിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ ;

(സി) ചുരുങ്ങിയ കാലഘട്ടത്തിനുള്ളിൽ ഇത്രയും മാധ്യമ പ്രവർത്തകർക്ക് പോലീസ് മർദ്ദനം ഏൽക്കാനിടയായ കാരണങ്ങളെക്കുറിച്ച് ഒരു പരിശോധന നടത്തിയിട്ടുണ്ടോ ;

(ഡി) സംഘർഷം നടക്കുന്ന സ്ഥലത്ത് എത്തപ്പെടുന്ന മാധ്യമ പ്രവർത്തകർക്ക് അബദ്ധവശാൽ മർദ്ദനം ഏൽക്കുന്നതല്ലാതെ മനഃപൂർവ്വം മാധ്യമ പ്രവർത്തകരെ തെരഞ്ഞുപിടിച്ച് മർദ്ദിക്കുന്ന സംഭവം ഉണ്ടായിട്ടുണ്ടോ ;

(ഇ) എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ?

LIBRARY ARCHIVES Kerala Legislative Assembly